**മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ**
**ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും**

**സർക്കുലർ നമ്പർ: 5/6/22**

*നമ്മുടെ സഭയിലെ സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ പ്രിയരെ,

ദൈവകരുണയാൽ നമ്മുടെ സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി പട്ടത്വ ശുശ്രൂഷയിൽ പ്രവേശിച്ചിട്ട് 2022 ജൂൺ മാസം 24–ാം തീയതി അൻപത് വർഷം പൂർത്തിയാക്കുന്നു. അഭിവന്ദ്യ തിരുമേനിയിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ച അനുഗ്രഹകരമായ ശുശ്രൂഷകൾക്കും നേതൃത്വത്തിനും ദൈവമുമ്പാകെ നന്ദിയും സ്തോത്രവും നമുക്ക് സമർപ്പിക്കാം. ജൂൺ മാസം 26–ാം തീയതി ഞായറാഴ്ച ആരാധനാ മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും അഭിവന്ദ്യ തിരുമേനിയെ ഓർത്ത് പ്രത്യേക പ്രാർത്ഥന നടത്തേണ്ടതാണ്. അതിനായി തയ്യാറാക്കിയ ആരാധനാക്രമം അയച്ചു തരുന്നതാണ്. ജൂൺ മാസം 24–ാം തീയതി ബാംഗ്ലൂരിൽ ക്രമീകരിച്ചിരിക്കുന്ന സമ്മേളനത്തിൽ പ്രത്യേക സ്തോത്ര പ്രാർത്ഥനയും സഭയുടെ അനുമോദനവും ഉണ്ടായിരിക്കുന്നതാണ്.

കഴിഞ്ഞ അരനൂറ്റാണ്ടായി ദർശനത്തിലും പ്രായോഗികതയിലും വ്യത്യസ്തമായ ശുശ്രൂഷാ ശൈലിയിലൂടെ അഭിവന്ദ്യ തിരുമേനി സഭയ്ക്ക് നല്കുന്ന നേതൃത്വം ശ്ലാഘനീയമാണ്. ദൈവകൃപയുടെ തണലിൽ ദൈവിക പരിജ്ഞാനത്തിന്റെ നിറവോടെ മലങ്കര മാർത്തോമ്മാ സുറിയാനി സഭയെ തുടർന്നും നയിക്കുവാൻ സഭയുടെ നാഥനായ കർത്താവ് അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയെ തുണയ്ക്കണമേ എന്ന് സഭയായി നമുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന്, മുംബൈ ഭദ്രാസന കേന്ദ്രത്തിൽ നിന്നും 2022 ജൂൺ 18–ാം തീയതി

**ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ**